**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5195** **21-03-2025 - ൽ മറുപടിയ്ക്ക്**

**തരിശ് ഭൂമിയിലെ കൃഷി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഓരോ പഞ്ചായത്തിലെയും കൃഷി ഭവനുമായും കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായും സഹകരിച്ച് തരിശ് നെൽപ്പാടങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | നെൽകൃഷിവികസനപദ്ധതി പ്രകാരവും പച്ചക്കറി വികസനപദ്ധതി പ്രകാരവും തരിശുനിലങ്ങളിൽ കൃഷി നടപ്പിലാക്കുന്നതിന് ധനസഹായം നൽകിവരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും മറ്റുള്ള അപേക്ഷ കരോടൊപ്പം തന്നെ ഇപ്രകാരം ആനുകൂല്യം ലഭ്യമാണ്.<br><br>**കൃഷി സമൃദ്ധി പദ്ധതിയിൽ എല്ലാ സാധ്യമായ പ്രദേശങ്ങളും കൃഷിയിടമാക്കി മാറ്റുന്നതിനായി കൃഷിവകുപ്പിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോം ആയ AIMS /KATHIR മുഖാന്തിരം നടത്തുന്ന കർഷകന്റെയും കൃഷിയിടത്തിന്റെയും വിളകളുടെയും വിവരശേഖര ണത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നു. ജനകീയ കാർഷിക മുന്നേറ്റത്തിലൂടെ കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെയാണ് കൃഷിസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 107 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കൃഷി സമൃദ്ധി നടപ്പിലാക്കുന്നത്. കൃഷി സമൃദ്ധി വഴി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും ഈ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ കൃഷിയോഗ്യമായ തരിശ് സ്ഥലങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും സാധ്യമായ സ്ഥലങ്ങളിൽ മറ്റു വിളകൾക്ക് പ്രാധാന്യം നൽകുവാനും ലക്ഷ്യമിടുന്നു. കൃഷിഭൂമി കർഷകർക്കായി ഏറ്റെടുത്ത് നൽകുവാൻ സാധ്യമാകുന്ന നവോത്ഥാൻ പദ്ധതിയിലൂടെ പരമാവധി കൃഷിഭൂമി ഭൂവുടമകളിൽ നിന്നും ഏറ്റെടുത്ത് നൽകുവാനും നടപടികൾ കൈക്കൊണ്ടുവരുന്നു.** |

സെക്ഷൻ ഓഫീസർ